# പതിനാലാം കേരള നിയമസഭ
## (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1550** **03.12.2018-ൽ മറുപടിയ്ക്ക്**

**നെട്ടൂർ-കമ്പളം പാലത്തിന്റെ നിർമ്മാണം**

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ നെട്ടൂർ-കമ്പളം പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം അറിയിക്കാമോ;<br><br>ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമോ;<br><br>സി) എങ്കിൽ എന്നത്തേക്ക് പണി പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ? | എ) യും ബി) യും സി) യും<br>നബാർഡ് RIDF XVII ൽ 1500 ലക്ഷം രൂപയ്ക്ക് 11/01/2012 ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ പ്രവൃത്തിയ്ക്ക് 13/09/2013 ൽ കരാറിലേർപ്പെട്ടു.<br>പാലം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കുമ്പളം പഞ്ചായത്തും മരട് മുനിസിപ്പാലിറ്റിയും ഏറ്റെടുത്ത് തരാമെന്ന് ഉറപ്പ് നൽകിയിരുന്നെങ്കിലും സ്ഥലം ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞില്ല. കരാർ കാലാവധിയ്ക്ക് പുറത്ത് പ്രവൃത്തി ചെയ്യുന്നതിന് കരാറുകാരൻ തയ്യാറായില്ല. പാലം EPC കോൺട്രാക്ടിൽ പുതിയ ഡിസൈൻ പ്രകാരം ചെയ്യാമെന്ന് കരാറുകാരൻ അറിയിച്ചു. പുതിയ ഡിസൈൻ സമർപ്പിക്കാൻ നിർദ്ദേശം നൽകിയതനുസരിച്ച് 9.37 കോടി രൂപയ്ക്ക് പുതുക്കിയ കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ പ്രകാരമുള്ള പാലം പണി 31/03/2018 ൽ പൂർത്തീകരിച്ചു. അപ്രോച്ച് റോഡിനുള്ള പ്രവൃത്തി പുരോഗമിച്ചു വരുന്നു. പ്രളയവും ശക്തമായ മഴയും മൂലം അപ്രോച്ച് റോഡിന്റെ ഭാഗത്തെ പൈലിംഗ് പ്രവൃത്തി തുടങ്ങുന്നതിന് കാലതാമസം നേരിടുകയുണ്ടായി. 2019 ജനുവരി മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**